## ക്രിസ്തുവിന്റെ സ്വന്തം പുത്തൻമാനയിലച്ചന്...

## എറണാകുളം-അങ്കമാലി അതിരൂപതാ വൈദികാർത്ഥികൾ



**''അന്യരെ വില്ക്കാനറിയാത്തതുകൊണ്ട്
തന്നെത്തന്നെ വിറ്റുതീർത്തു
സുഖവും ദുഃഖവും സഹിച്ചു സഹിച്ചു
അയാൾ വിളഞ്ഞു കടുത്തു.''**

കവിതയിലെ ഈ വരികൾ വായിക്കുമ്പോൾ ഒരു പുരുഷാ യുസ്സു മുഴുവൻ ദൈവത്തിനും ദൈവജനത്തിനുംവേണ്ടി വിറ്റു തുലച്ച, സഹിച്ചുതീർത്ത കുറേ പുണ്യപുരോഹിതജന്മങ്ങൾ മന സ്സിൽ തെളിയുന്നുണ്ട്. കടന്നു പോകുന്ന വഴികളിൽ കരുണ വർഷിക്കുന്നവർ, തണുത്തുറ ഞ്ഞ അത്താഴത്തിനു മുമ്പിലും ക്രിസ്തുവിന്റെ സ്നേഹം രുചി ക്കുന്നവർ, ആധുനികതയുടെ 'വ്യവസായ-സാങ്കേതികവിദ്യ' വിപ്ലവങ്ങൾ പിടിച്ചുകുലുക്കാത്ത ചില ക്രിസ്തുസാക്ഷ്യങ്ങൾ, ക്രിസ്തുവിന്റെ സ്നേഹം വറ്റിവ രണ്ട മനുഷ്യമനസ്സിലേക്കു ചാലു കീറി ഒഴുക്കാൻ ജാഗ്രത കാട്ടു ന്നവർ. സമർപ്പണം എന്നത് അ റുതിയില്ലാത്ത അർപ്പണമാണെ ന്നു ജീവിച്ചു പഠിപ്പിച്ച വന്ദ്യവൈ ദികർക്കു സ്നേഹപൂർവം...

ഉള്ളിലുള്ളതു പറയാൻ വാ ക്കുകൾ മതിയാകാതെ വരുന്ന ചില ഘട്ടങ്ങളുണ്ട്. എന്നാൽ ചി ലരെക്കുറിച്ച് എത്ര പറഞ്ഞാലും കൊതിതീരാത്ത സന്ദർഭവുമു ണ്ട്. ഏതാണ്ട് ഇതേ മനോഭാവ ത്തിലാണു ഞങ്ങളിപ്പോൾ. പറ ഞ്ഞുതുടങ്ങാൻ ഒരു സ്റ്റാർട്ടിംഗ് ട്രബിൾ, പറഞ്ഞുതുടങ്ങിയാലോ തീരില്ല. അതേ, ഞങ്ങളുടെ വൈ ദികസ്വപ്നത്തിന്റെ ഭാഗമായി മാറിയ ഒരാൾ. അതിരുകളില്ലാത്ത കാരുണ്യത്തിന്റെ, സമർപ്പണ ത്തിന്റെ, മാതൃകയുടെ, ആത്മീ യതയുടെ, പ്രചോദനത്തിന്റെ ജീ വിതപകർപ്പ് - അതാണു ഞങ്ങ ളുടെ കുര്യാക്കോസ് പുത്തൻമാ നയിലച്ചൻ. സ്തുതിവചനങ്ങൾ പാടി മയക്കിയെടുക്കാനല്ല ഞ ങ്ങളുടെ ഈ ഉദ്യമം. മറിച്ച്, നന്ദി കൊണ്ടും ആദരവുകൊണ്ടും ഉ ള്ളിൽ നിറയുന്ന വികാരങ്ങൾ ക്കു സാന്ത്വനമാകാൻ ഒരു കൈ വഴി മാത്രമാണ് ഈ കുറിപ്പുകൾ.

പ്രാർത്ഥനകൊണ്ടു ജീവിത ത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കു ന്ന മനുഷ്യൻ. ഏതു തീരുമാന ത്തിനും പ്രവൃത്തിക്കുംമുമ്പു ദൈ വത്തിനു പ്രവർത്തിക്കാൻ ഒരിടം അവശേഷിപ്പിക്കുന്നു എന്നതാ ണ് പുത്തൻമാനയിലച്ചന്റെ പ്ര ത്യേകത. പ്രാർത്ഥനയും പരിത്യാ ഗവുമാണു പുത്തൻമാനയില ച്ചന്റെ ജീവിതവിജയത്തിനു പി ന്നിലെ അടിസ്ഥാനതത്ത്വങ്ങൾ. ''ദിവസത്തിൽ ഒരു മണിക്കൂറെ ങ്കിലും തമ്പുരാന്റെ സന്നിധി യിൽ പ്രാർത്ഥനാനിമഗ്നനാകാൻ സാധിക്കുന്നില്ലെങ്കിൽ ജീവിത ത്തിൽ പരാജയം സംഭവിക്കും'' എന്ന കുറിക്കുകൊള്ളുന്ന ഓർമ പ്പെടുത്തലുകൾ സത്യമാണെന്ന് ഈ കാലംതന്നെ തെളിയിക്കു ന്നുണ്ടല്ലോ? ആരുടെയൊക്കെ യോ ക്രൂരതകൾകൊണ്ടു കലു ഷിതമാക്കപ്പെട്ട ഒരു പള്ളിയിൽ ചെന്ന്, മൂന്നു വർഷംകൊണ്ട് ആ ജനങ്ങളുടെ ഹൃദയത്തിലെ വി കാരിയാകാൻ സാധിച്ചതും, അ വശ നിലയിലായിരുന്ന ഒരു പ്ര സ്സിൽ തന്റെ ആയുസ്സിന്റെ നല്ല കാ ലങ്ങൾ ചെലവഴിച്ച് ഇന്നു കൊച്ചി യിലെ തിരക്കുള്ള സ്ഥാപനമാ ക്കി മാറ്റിയതും അച്ചന്റെ പ്രാർ ത്ഥനയും അർപ്പണവുംമൂലം സംഭവിച്ച അത്ഭുതങ്ങളാണ് എ ന്നതിന് എതിർസാക്ഷ്യങ്ങളില്ല.

വാക്കുകളേക്കാൾ ചിലരുടെ സാന്നിദ്ധ്യം നമ്മോട് ഒത്തിരി സംസാരിക്കും. പുത്തൻമാനയി ലച്ചന്റെ മൗനത്തിൽപ്പോലും കടലോളം അർത്ഥങ്ങളുണ്ട്. വി ഷമഘട്ടത്തിൽ താങ്ങാകുന്ന സാ ന്നിദ്ധ്യം, നന്മയുടെ പടിയിറങ്ങു മ്പോൾ തിരിച്ചുവിളിക്കുന്ന സാ ന്നിദ്ധ്യം, വഴിതെറ്റുമ്പോൾ നേർ വഴിയാകുന്ന സാന്നിദ്ധ്യം... അ ങ്ങനെ ഈ ജീവിതംകൊണ്ട് ഒരു പാടു നന്മകൾ ചെയ്തുകൂട്ടിയി ട്ടുണ്ട് അച്ചൻ.

സെമിനാരിയുടെ ഇടനാഴിക ളിൽ ആത്മീയസാന്നിദ്ധ്യമാകു ന്ന അച്ചൻ - എറണാകുളം അതി

രൂപതയ്ക്കു ദൈവം കനിഞ്ഞു നല്കിയ വലിയൊരു ദാനമാണ്. ഭാവിപുരോഹിതർക്കു പൗരോഹിത്യത്തിന്റെ ബാലപാഠങ്ങൾ പറഞ്ഞുകൊടുക്കുന്ന ആ ഭവന ത്തിൽ പുത്തൻമാനയിലച്ചന്റെ ഓരോ ഇടപെടലിനും പിന്നിൽ തമ്പുരാന്റെ കരുതലും കരുണ യുമുണ്ടെന്നു ബോദ്ധ്യപ്പെടാത്ത ഒരു വൈദികാർത്ഥിപോലുമില്ല. ഓരോരുത്തരെയും അവനവന്റെ സാഹചര്യങ്ങളോടു ചേർത്തു വച്ചു മനസ്സിലാക്കാൻ അച്ചനു സാധിക്കുന്നു എന്നതാണ് അ ച്ചന്റെ കഴിവ്.

ജീവിച്ചുതെളിയിച്ച ആദർശ വാദിയും, തലക്കനം പുലമ്പാ ത്ത തത്ത്വജ്ഞാനിയും ലക്ഷ്യം തെറ്റാത്ത ദീർഘദർശിയുമാണ് അച്ചൻ. ആദർശങ്ങൾ വാക്കിലും എഴുത്തിലും മാത്രമാകുമ്പോൾ സ്വയം വിഡ്ഢികളാകുന്ന കപട ആദർശവാദികളുടെ ഈ ലോക ത്തു ജീവിക്കാത്തതും ജീവിക്കാ നാകാത്തതും പഠിപ്പിക്കാത്ത വ്യ ക്തിത്വം. പുസ്തകത്തെ ജീവനു തുല്യം സ്നേഹിച്ച അച്ചൻ, അ റിവിന്റെ ഒടുങ്ങാത്ത കലവറയാ ണ്. ഓരോ വ്യക്തിയെയും കുറി ച്ചുള്ള വ്യക്തമായ ധാരണയും കാഴ്ചപ്പാടുമാണ് അച്ചന്റെ മ റ്റൊരു പ്രത്യേകത. ഒരിക്കലും ഒരു വ്യക്തിയെക്കുറിച്ചു അച്ചനെ ടുക്കുന്ന തീരുമാനങ്ങൾ തെറ്റാ റില്ല എന്നതിനു നിരവധി ജീവി ക്കുന്ന സാക്ഷികളുണ്ട്.

‘‘ഞാനാണു നല്ലിടയൻ, നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു’’ (യോഹ. 10:11). പുത്തൻമാനയിലച്ചന്റെ ആകുലതകൾ മുഴുവനും വൈദി കാർത്ഥികളായ ഞങ്ങളെ ഓരോ രുത്തരെയുംകുറിച്ചാണ്. ഞങ്ങ ളുടെ ബുദ്ധിക്കു വെളിച്ചമായും, ഞങ്ങളുടെ ചിന്തകളിൽ വിവേക മായും ഞങ്ങളുടെ പ്രവൃത്തിക ളിൽ തീക്ഷ്ണതയായും, ഞങ്ങ ളുടെ പാപങ്ങൾക്കു പ്രായശ്ചി ത്തമായും അച്ചൻ തന്നെത്തന്നെ ദൈവത്തെ പ്രതി ശൂന്യനാക്കുക യാണ്.

അച്ചന്റെ വാക്കുകൾക്കു കർ ണപുടങ്ങളെ പിടിച്ചിരുത്താനാ വുന്ന ശബ്ദഗാംഭീര്യമില്ല; പക്ഷേ, ആത്മാവിന്റെ ആഴങ്ങളിലേക്ക് അരിച്ചിറങ്ങുന്ന അനുഭവജ്ഞാന മുണ്ട്. വാക്കുകൾക്കു പിന്നിൽ ഈ മനുഷ്യൻ കാത്തുസൂക്ഷിക്കുന്ന ധ്യാനത്തിന്റെ യാമങ്ങൾ കൊടു ക്കുന്ന കരുത്തുണ്ട്, ഹൃദയത്തെ സ്പർശിക്കുന്ന ആർജ്ജവത്വമു ണ്ട്, ആത്മാർത്ഥയുണ്ട്, കരുത ലുണ്ട്.

ആയുസ്സിന്റെ ഏറിയ പങ്കും ദൈ വത്തിനും ദൈവജനത്തിനും വേണ്ടി മാത്രം ജീവിച്ച അച്ചന്റെ ജീവിതപാഠം നഷ്ടപ്പെടുത്ത ലിന്റെ ബലിജീവിതമാകുന്ന പൗ രോഹിത്യം കമ്പോളസംസ്കാര വുമായി പൊരുത്തപ്പെടുന്നതല്ല എന്നതാണ്. അച്ചനൊഴുക്കിയ വിയർപ്പിനും കണ്ണീരിനും പ്രാർ ത്ഥനയിൽ അച്ചൻ ചെലവഴിച്ച യാമങ്ങൾക്കും പകരംവയ്ക്കാൻ എന്തു സമ്മാനമാണുള്ളത്! ഈ പുരോഹിതവർഷം കടന്നുപോ കുമ്പോൾ പുത്തൻമാനയിലച്ചൻ ഞങ്ങളുടെ ധ്യാനവിഷയമാവു കയാണ്. ഒരു പേടി മാത്രം; പുത്തൻമാനയിലച്ചനെ മുന്നിൽ നിർത്തി മാതൃക നല്കിക്കൊ ണ്ടു ദൈവം എന്തിനു ഞങ്ങളെ ഇത്രയധികം സ്നേഹിക്കുന്നു? ഈ ഗുരുവിനെ ജീവിതത്തിൽ അനുകരിക്കാൻ ഞങ്ങൾക്കു സാധിക്കുമോ?